പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5188

26.03.2018-ൽ മറുപടിക്ക്

## ശ്രീകണ്ഠപുരം ടൗൺ നവീകരണം

**ചോദ്യം**

**ശ്രീ. കെ.സി. ജോസഫ്**

(എ) ശ്രീകണ്ഠപുരം ടൗൺ നവീകരണം, ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡിന്റെ നവീകരണ പ്രവൃത്തി എന്നിവ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും: ശ്രീകണ്ഠപുരം ടൗൺ നവീകരണത്തിനായി 03.03.2016-ലെ സ.ഉ (സാധാ) നം. 544/2016/ പൊ.മ.വ പ്രകാരം തത്വത്തിൽ അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത് അനുസരിച്ച് formal concurrance-നു വേണ്ടിയുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ശ്രീകണ്ഠപുരം - ചെമ്പന്തൊട്ടി - നടുവിൽ റോഡ് നവീകരണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭിച്ചാൽ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ